# കേരള സർക്കാർ

<u>സംഗ്രഹം</u>

2016-ലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പ് രേഖകളും സാമഗ്രികളും ട്രഷറികളിൽ സൂക്ഷിക്കുന്നതിന് സൗകര്യം ഒരുക്കുന്നത് - ട്രഷറി രസീത് നഷ്ടപ്പെട്ട പഴയ തെരഞ്ഞെടുപ്പ് രേഖകൾ ട്രഷറികളിൽനിന്നും തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

<u>ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പ്</u>

സ.ഉ. (സാധാ) നം. **4344/2016/ധന** തിരുവനന്തപുരം, തീയതി **14.05..2016**

---

പരാമർശം - തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04.05.2016 ലെ E1-23555/16 നമ്പർ കത്ത്

## <u>ഉത്തരവ്</u>

2016 ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പ് രേഖകളും സാമഗ്രികളും ട്രഷറികളിൽ സൂക്ഷിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിന് പഴയ തെരഞ്ഞെടുപ്പ് രേഖകൾ ട്രഷറികളിൽ നിന്ന് തിരിച്ചെടുക്കേണ്ടതുണ്ടെന്നും എന്നാൽ ട്രഷറി രസീത് നഷ്ടപ്പെട്ടതിനാൽ വിവിധ ട്രഷറികളിൽ നിന്നും രേഖകൾ തിരിച്ചെടുക്കാൻ കഴിയുന്നില്ലായെന്നും മേൽ പരാമർശത്തിലൂടെ തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ട്രഷറികളിൽനിന്നും രേഖകൾ തിരികെ നൽകുന്നതിന് നിർദ്ദേശം നൽകണമെന്ന് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. 2016 ലെ പൊതുതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ മറ്റു ജില്ലകളിൽനിന്നും സമാനമായ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2016 ലെ പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പ് രേഖകളും സാമഗ്രികളും ട്രഷറികളിൽ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനായി ട്രഷറി രസീത് നഷ്ടപ്പെട്ട പഴയ തെരഞ്ഞെടുപ്പ് രേഖകളും സാമഗ്രികളും തിരിച്ചെടുക്കേണ്ട സാഹചര്യങ്ങളിൽ, ട്രഷറി രസീത് തിരികെ ലഭിക്കാൻ കഴിയാത്തവിധം നഷ്ടപ്പെട്ടുവെന്ന വരണാധികാരിയുടെ സത്യവാങ്മൂലം ഒപ്പിട്ട് വാങ്ങിയ ശേഷം ബന്ധപ്പെട്ട രേഖകൾ തിരികെ നൽകാൻ ട്രഷറി ഓഫീസർമാർക്ക് കെ.റ്റി.സി. വാല്യം 1 ചട്ടം 158(1) ന് ഇളവ് വരുത്തി അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ട്രഷറി ഡയറക്ടറും ജില്ലാ കളക്ടർമാരും ഇതിൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്. എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്. എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/ കോട്ടയം/ ഇടുക്കി/ എറണാകുളം/ തൃശ്ശൂർ/ പാലക്കാട്/മലപ്പുറം/കോഴിക്കോട്/കണ്ണൂർ/വയനാട്/കാസർകോഡ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ